**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 460** **03-11-2021 - ൽ മറുപടിയ്ക്ക്**

**പതിനാലാം പഞ്ചവത്സര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | 2021-22-ൽ അവസാനിക്കുന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മുഖേന കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2016-17 മുതൽ 2019-20 വരെയുള്ള ശരാശരി വളർച്ചാ നിരക്ക് (5.4 ശതമാനം)2012-13 മുതൽ 2015-16 വരെയുള്ള നാല് വർഷത്തെ ശരാശരി വളർച്ചാ നിരക്കിനെക്കാൾ (4.8 ശതമാനം) കൂടുതലാണ് നീതി ആയോഗിന്റെ എസ്.ഡി.ജി ഇന്ത്യ ഇൻഡക്സ് പ്രകാരം ഐക്യ രാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കേരളം 2018, 2019, 2020 വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മുഖേന കൈവരിച്ച പ്രധാന നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഡിജിറ്റൽ വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ കൂടുതൽ മേഖലകൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | (ബി) | പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് |
| (സി) | ഇതുവരെയുള്ള പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യ സാക്ഷാത്കാരം സംബന്ധിച്ച പഠനങ്ങളുടെ റിപ്പോർട്ടുകൾ ലഭ്യമാണോ; അവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ ലക്ഷ്യ സാക്ഷാത്കാരം സംബന്ധിച്ച കേരള വികസന റിപ്പോർട്ട് പ്രസിദ്ധീകരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് |
| (ഡി) | കോവിഡ്, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾകൂടി ക്രോഡീകരിച്ച് സമഗ്ര പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കാമോ? | (ഡി) | പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ മുന്നോടിയായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾ സംബന്ധിച്ചും ഇതിനായി സമഗ്ര പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പതിമൂന്നാം പഞ്ചവത്സര പദ്ധതി മുഖേന കൈവരിച്ച പ്രധാന നേട്ടങ്ങൾ

### കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും

- തുടർച്ചയായ വർഷങ്ങളിലെ ഇടിവിന് ശേഷം കാർഷിക മേഖല വളർച്ച രേഖപ്പെടുത്തി.
- നെല്ലിന്റെ ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും വർദ്ധനവ്.
  - 2016-17 ൽ 4.36 ലക്ഷം മെട്രിക് ടണ്ണായിരുന്ന നെല്ലിന്റെ ഉത്പാദനം 2019-20 ൽ 5.87 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.
  - നെല്ലിന്റെ ഉൽപാദനക്ഷമത 2016-17 ൽ ഹെക്ടറിന് 2,547 കിലോഗ്രാമിൽ നിന്ന് 2019-20 ൽ ഹെക്ടറിന് 3,073 കിലോഗ്രാമായി ഉയർന്നു.
- 2016-17 ൽ 7.25 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി ഉത്പാദനം 2019-20 ൽ 14.9 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.
- ഭക്ഷ്യോൽപ്പാദനത്തിൽ സ്വാശ്രയത്വം നേടാൻ "സുഭിക്ഷ കേരളം" പദ്ധതി ആരംഭിച്ചു.
- നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാൻ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു.
- സമഗ്ര പഴ വികസന പരിപാടി 2020-ൽ ആരംഭിച്ചു.
- 2020 ൽ കർഷക ക്ഷേമനിധി ബോർഡ് സ്ഥാപിതമായി; കർഷക പെൻഷൻ 500 രൂപയിൽ നിന്ന് 1600 രൂപയായി ഉയർത്തി.
- ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ആദ്യമായി കേരളത്തിൽ 16 ഇനം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചു.
- രാത്രി സമയങ്ങളിലെ അടിയന്തര വെറ്ററിനറി സേവനം 152 ബ്ലോക്കുകളിലേക്കും വ്യാപിപ്പിച്ചു.
- സമഗ്ര ലൈവ് സ്റ്റോക്ക് ഇൻഷുറൻസ് പദ്ധതി (ഗോ സമൃദ്ധി), സമഗ്ര ക്ഷീര ഇൻഷുറൻസ് പദ്ധതി (ക്ഷീര സാന്ത്വനം) എന്നിവ അവതരിപ്പിച്ചു.
- 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യ ഉൽപാദനത്തിൽ 15 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.
- മത്സ്യവിത്ത് ഉൽപാദനത്തിൽ വർദ്ധനവ്; മത്സ്യവിത്ത് നിയമം നിർമ്മിച്ചു.
- മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി 2020 ൽ കമ്മീഷൻ ചെയ്തു

- ചെറുകിട ജലസേചനത്തിൽ കൂടുതൽ ശ്രദ്ധ; 2017-18 ൽ 3.92 ലക്ഷം ഹെക്ടറിൽ നിന്ന് 2019-20 ൽ 4.09 ലക്ഷം ഹെക്ടറായി അറ്റ ജലസേചന പ്രദേശം വർദ്ധിച്ചു.
- കേന്ദ്ര സർക്കാരിന്റെ 2019- ലെ ഇന്ത്യൻ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതിയിൽ 823 ചതുരശ്ര കിലോമീറ്റർ (2017 നെ അപേക്ഷിച്ച്) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## വ്യവസായം

- കഴിഞ്ഞ ഏതാനും വർഷങ്ങളായി സംരംഭകരാകാൻ സാധ്യതയുള്ള വ്യക്തികളുടെ കാഴ്ചപ്പാടിൽ അനുകൂലമായ മാറ്റങ്ങൾ വന്നു.
- കേരളത്തിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ നിർമ്മാണ മേഖലയുടെ വിഹിതം 2014-15 ലെ 9.8 ശതമാനത്തിൽ നിന്ന് 2019-20 ൽ 12.5 ശതമാനമായി വർദ്ധിച്ചു.
- ലൈഫ് സയൻസ് പാർക്കും മെഡിക്കൽ ഡിവൈസസ് പാർക്കും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.
- സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ (പ്രധാനമായും രാസവസ്തുക്കളുടെയും വൈദ്യുത യന്ത്രങ്ങളുടെയും മേഖലകളിൽ) പ്രകടനത്തിൽ പുനരുജ്ജീവനം ഉണ്ടായി.
- കേരള എംഎസ്എംഇ ഫെസിലിറ്റേഷൻ ആക്ട് 2019 ഉം കെ-സ്വിഫ്റ്റ് എന്ന ഏക ജാലക ക്ലിയറൻസ് സംവിധാനവും അവതരിപ്പിച്ചു.
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ശ്രദ്ധേയമായ വളർച്ച കൈവരിച്ചു; 2016-17 നും 2020-21 നും ഇടയിൽ 64,879 പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ചു.
- കൊച്ചിയെയും പാലക്കാടിനെയും ബന്ധിപ്പിക്കുന്ന ഹൈടെക് വ്യവസായ ഇടനാഴി പദ്ധതി നടപ്പാക്കാൻ കേരളം നടപടികൾ സ്വീകരിച്ചു.
- കയർ വ്യവസായത്തിന്റെ രണ്ടാമത്തെ പുനസംഘടന ആരംഭിച്ചു.

## വിവര സാങ്കേതികവിദ്യ

- വിജ്ഞാനാടിസ്ഥാന സമൂഹമായും ഐടി വ്യവസായങ്ങളുടെ ഒരു പ്രധാന ലക്ഷ്യസ്ഥാനമായും കേരളത്തെ മാറ്റുന്നതിനായി 2017 ൽ ഐടി നയം ആവിഷ്കരിച്ചു.
- രണ്ട് പ്രധാന പദ്ധതികൾക്ക് തുടക്കമിട്ടു
  - സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരളം

•കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ)
•കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ, ആൻഡ് ടെക്നോളജി സർവകലാശാലയായി ഐഐഐടിഎം-കെ യെ ഉയർത്തി.
•സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹജനകമായ ഒരു ആവാസ വ്യവസ്ഥ സൃഷ്ടിച്ചു; പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് വകുപ്പ് 2019 ൽ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തു.
•ഇന്ത്യയിലെ ഏറ്റവും വലിയ ഇന്നൊവേഷൻ ഹബ്ബുകളിലൊന്നായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് കൊച്ചിയിൽ സ്ഥാപിച്ചു.

## വിനോദസഞ്ചാരം

•2017 ൽ പുതിയ വിനോദസഞ്ചാര നയം പ്രഖ്യാപിച്ചു.
•2018 ലെ പ്രളയത്തിനുശേഷം 2019-ൽ ഈ മേഖല ശക്തമായി തിരിച്ചുവന്നു; 2019 ൽ മൊത്തം വിനോദ സഞ്ചാരികളുടെ വരവിൽ 17.2 ശതമാനം വർദ്ധനവുണ്ടായി.
•വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള മൊത്തം വിദേശനാണ്യ വരുമാനം 2019 ൽ ആദ്യമായി 10,000 കോടി രൂപ കവിഞ്ഞ് 10,271 കോടി രൂപയിലെത്തി.
•അവാർഡുകളുടെയും അംഗീകാരങ്ങളുടെയും രൂപത്തിൽ ദേശീയവും അന്തർദേശീയവുമായ പ്രശംസ ഈ മേഖല നേടി.
•ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചു.

## അടിസ്ഥാന സൗകര്യങ്ങൾ

•2017 ൽ കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരിച്ച സംസ്ഥാനമായി പ്രഖ്യാപിച്ചു.
•2016 ൽ കിഫ്ബി (KIIFB) പുനഃസംഘടിപ്പിച്ചു. 2021 ഓഗസ്റ്റ് വരെ ആകെ 63,257.74 കോടി രൂപ വിനിയോഗിക്കുന്ന 903 പദ്ധതികൾക്ക് അംഗീകാരം നൽകി.
•പതിമൂന്നാം പദ്ധതി കാലയളവിലെ പ്രധാന പദ്ധതികൾ
  •കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ചു
  •കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9 ന് ഉദ്ഘാടനം ചെയ്തു.
  •കൊല്ലം, ആലപ്പുഴ ഹൈവേ ബൈപാസുകൾ പ്രവർത്തനസജ്ജമായി.
  •മലയോര, തീരദേശ ഹൈവേകളുടെ നിർമ്മാണം ആരംഭിച്ചു
  •2018 ൽ 'ഊർജ്ജ കേരളം മിഷൻ' ആരംഭിച്ചു; മിഷന്റെ ഘടകങ്ങളിലൊന്നായ ട്രാൻസ്ഗ്രിഡ്-2 (Transgrid-2) സംസ്ഥാനത്തിന്റെ ട്രാൻസ്മിഷൻ ശൃംഖല ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നു.

• ഇലക്ട്രിക് വാഹന നയം രൂപീകരിച്ചു.
• കൊച്ചിയിൽ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെ എം ടി എ) രൂപീകരിച്ചു.

## ശാസ്ത്ര-സാങ്കേതിക വിദ്യ

• 2019 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു.
• കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു.
• ജോലിയിൽ ഇടവേള എടുക്കുന്ന സ്ത്രീകളെ പിന്തുണയ്ക്കുന്നതിനും, സ്ത്രീകളെയും പെൺകുട്ടികളെയും പ്രകൃതി ശാസ്ത്ര പഠനത്തിലേക്ക് ആകർഷിക്കുന്നതിനുമായി സ്ത്രീ ശാക്തീകരണ പരിപാടികൾ ആരംഭിച്ചു.
• റീജിയണൽ കാൻസർ സെന്ററിൽ പുതിയ സൗകര്യങ്ങൾ സ്ഥാപിച്ചു.

## ആരോഗ്യം

• 2016 ൽ ആർദ്രം മിഷൻ ആരംഭിച്ചു; പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി; രോഗി സൗഹൃദ ആശുപത്രികൾ സൃഷ്ടിച്ചു, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിച്ചു.
• കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 2020 ജൂലൈ 1 മുതൽ "അഷ്വറൻസ് മോഡിൽ" ആരംഭിച്ചു.
• കേരളത്തിന്റെ കോവിഡ്-19 നിയന്ത്രണ തന്ത്രങ്ങൾ ലോകമെമ്പാടും പ്രശംസ പിടിച്ചുപറ്റി.

## സ്കൂൾ വിദ്യാഭ്യാസം

• സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഏറ്റവും മികച്ച സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പൊതു വിദ്യാലയങ്ങളിൽ നിക്ഷേപം നടത്തി.
• 2016-ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാനത്തെ അടിസ്ഥാനസൗകര്യങ്ങളുടെയും അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം മാറ്റി.
• 2016-17 നും 2020-21 നും ഇടയിൽ 6.8 ലക്ഷം കുട്ടികൾ അധികമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ചേർന്നു.
• 4,752 സെക്കൻഡറി സ്കൂളുകളിലും 11,273 പ്രൈമറി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കി.
• പകർച്ചവ്യാധി സമയത്ത് അധ്യയന തുടർച്ച ഉറപ്പാക്കി; ഓൺലൈൻ ക്ലാസുകൾ കൈറ്റ് (KITE) നടത്തി.

## സാമൂഹിക സുരക്ഷയും ക്ഷേമവും

- ക്ഷേമ പെൻഷനുകൾ 2016 ലെ 600 രൂപയിൽ നിന്ന് 2021 ൽ 1,600 രൂപയായി വർദ്ധിപ്പിച്ചു.
- പെൻഷൻകാരുടെ എണ്ണം 2016 ലെ 34 ലക്ഷത്തിൽ നിന്ന് 2020-21 ൽ 48.6 ലക്ഷമായി വർദ്ധിച്ചു; ഇപ്പോൾ പെൻഷൻ ലഭിക്കുന്ന വ്യക്തികളിൽ 30 ശതമാനം പേർക്കും ഈ കാലയളവിലാണ് ആദ്യമായി പെൻഷൻ ലഭിച്ചത്.
- ഭിന്നശേഷിക്കാരുടെ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണ് എന്ന് 2019 ൽ കേന്ദ്ര സർക്കാർ വിലയിരുത്തി.
- "ബാരിയർ ഫ്രീ കേരള" (പ്രതിബന്ധ മുക്ത കേരളം) പദ്ധതി ആരംഭിച്ചു.

## ലിംഗപദവി

- സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പുതിയ വകുപ്പ് 2017 ൽ ആരംഭിച്ചു.
- സ്ത്രീകളുടെ സ്വാതന്ത്ര്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു; 181 വനിതാ ഹെൽപ്പ് ലൈൻ, "എന്റെ കൂട് "പദ്ധതി, "ഷീ" ലോഡ്ജുകൾ, ജില്ലാതല വനിതാ പോലീസ് പട്രോളിംഗ് എന്നിവ ചില ഉദാഹരണങ്ങളാണ്.
- ഭിന്നലിംഗക്കാർക്ക് "മഴവിൽ" പദ്ധതിക്കായി പ്രത്യേക ബജറ്റ് വിഹിതം നൽകി.

### പതിമൂന്നാം പദ്ധതിയിലെ ലിംഗപദവി ബജറ്റ്

| വർഷം | സംസ്ഥാന പദ്ധതി വിഹിതം (ശതമാനത്തിൽ) |
|---|---|
| 2017-18 | 11.5 |
| 2018-19 | 14.6 |
| 2019- 20 | 16.8 |
| 2020-21 | 18.4 |
| 2021-22 | 19.5 |

## തൊഴിൽ

- പതിമൂന്നാം പദ്ധതിയിലെ പ്രധാന ഇടപെടലുകൾ:
  - തൊഴിൽ അവകാശങ്ങളുടെ സംരക്ഷണം ഉറപ്പാക്കി
  - തൊഴിൽ നിയമങ്ങൾ ശക്തമാക്കി
  - വർദ്ധിച്ച വേതനം ഉറപ്പാക്കി

- പ്രതിസന്ധി ഘട്ടങ്ങളിൽ ഉപജീവന മാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു
- അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നു
- എല്ലാവരെയും ഉൾക്കൊള്ളുന്ന രീതിയിൽ നൈപുണ്യ പരിപാടികൾ വിപുലീകരിച്ചു

## നോർക്ക

- 2018 ലും 2020 ലും ലോക കേരള സഭ നടന്നു.
- പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതിയായ "സാന്ത്വനം" പദ്ധതിയുടെ കീഴിലുള്ള സഹായം വിപുലീകരിച്ചു.
- പ്രവാസികൾക്കായി പുനരധിവാസം, നൈപുണ്യ വികസനം, പരിശീലന പരിപാടികൾ എന്നിവ ശക്തിപ്പെടുത്തി.
- നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചു.
- പ്രവാസികൾക്കുള്ള പിന്തുണയും അവബോധ സേവനങ്ങളും ശക്തിപ്പെടുത്തി.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

- സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണം തുടങ്ങാൻ കഴിയും വിധം പദ്ധതി രൂപീകരണം സമയബന്ധിതമാക്കി. അതുവഴി തദ്ദേശഭരണസ്ഥാപന പദ്ധതികളുടെ ചെലവ് ശതമാനം വർദ്ധിച്ചു.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വിഹിതം ഓരോവർഷവും ക്രമമായി വർദ്ധിപ്പിച്ച് 2021-22 ഓടെ സംസ്ഥാന പദ്ധതി അടങ്കലിന്റെ 26 ശതമാനമാക്കി ഉയർത്തി.
- ഉൽപ്പാദന മേഖലയുടെ വിഹിതം വർദ്ധിപ്പിച്ചതിലൂടെ ആ മേഖലയിൽ ഉയർന്ന നിക്ഷേപം ഉറപ്പാക്കി.. സുഭിക്ഷ കേരളം പദ്ധതിയിലൂടെ ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിന് കഴിഞ്ഞു.
- കുട്ടികൾ , വയോജനങ്ങൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാലിയേറ്റീവ് പരിചരണം എന്നിവയുടെ വിഹിതം 10 ശതമാനമായി ഉയർത്തി.
- 14 ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കി.
- എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കി. ഇപ്രകാരം തയ്യാറാക്കപ്പെട്ട ദുരന്തനിവാരണ പദ്ധതിയുടെ പശ്ചാത്തലത്തിൽ കൃത്യമായ. മുന്നൊരുക്കങ്ങളോടെ ദുരന്തനിവാരണ

പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നുണ്ട്.

- പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകി; കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസർമാരേയും നിയോഗിച്ചു.
- ജനകീയാസൂത്രണത്തിന്റെ സാങ്കേതിമേന്മ വർദ്ധിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ വിഭവകേന്ദ്രങ്ങൾ (District Resource Centres) രൂപവൽക്കരിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സാങ്കേതികമേന്മ ഉറപ്പാക്കുന്നതിനും ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ആസൂത്രണ റിസോഴ്സ് പേഴ്സണെ നിയോഗിച്ചു.
- പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചു.
- ടെണ്ടർ സേവിംസിലൂടെ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അവസരം സംജാതമാക്കി. 13-ാം പദ്ധതിയുടെ ആദ്യ മൂന്നു വർഷങ്ങളിൽ മാത്രം 657.45 കോടി രൂപയുടെ അധിക പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അവസരം ലഭിച്ചു.
- ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കേഷനായ ISO 9001:2015 നേടി
- സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി ഇൻഫർമേഷൻ കേരളമിഷൻ (ഐ.കെ.എം) ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) വികസിപ്പിച്ചിട്ടുണ്ട്.

## ലൈഫ് മിഷൻ

- ലൈഫ് മിഷൻ എന്ന കേരള സർക്കാറിന്റെ പ്രധാന പരിപാടി 2016 ൽ ആരംഭിച്ചു.
- മുമ്പത്തെ എല്ലാ ഭവന പദ്ധതികളേക്കാളും ഉയർന്ന നിക്ഷേപം വിഭാവനം ചെയ്തു.
- 2021 ഒക്ടോബർ വരെ 2,75,845 വീടുകൾ നിർമ്മിച്ചു.

## റവന്യൂ

- പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ റവന്യൂ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നത് വഴി പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കാനും സേവനങ്ങൾ വീട്ടിലിരുന്നു തന്നെ ലഭിക്കുന്നതിനും സാധിക്കുന്നു. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കാനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികൾ ആകുവാനും സാധിക്കുന്നു.
- സുതാര്യത ഉറപ്പാക്കികൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്നത്.

1. **ഇ-ഡിസ്ട്രിക്ട്-** വില്ലേജ് ആഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടഫിക്കറ്റുകൾ ലഭ്യമാകുന്നു

2. **ആർ.ആർ.ഓൺലൈൻ -** റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള കളക്ടേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3.സംയോജിത ഓൺലൈൻ പോക്കുവരവ് Online Mutation-ReLIS)-** ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. റവന്യൂ ഇ-പേയ്മെന്റ്-** സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ്ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. റിലീഫ്(സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)** - പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal ഉം നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു.

**6. റവന്യൂ മിത്രം** - റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

**7. റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ** - റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ് ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**8. തണ്ടപ്പേർ-പകർപ്പ് ഓൺലൈൻ**- വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മോഡ്യൂൾ പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ** - വില്ലേജ്ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലോക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മോഡ്യൂൾ പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**10. FMB ഓൺലൈൻ** - ഡിജിറ്റൽ സർവ്വേ പൂർത്തീയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

**11. വില്ലേജ് വെബ്സൈറ്റ്**- സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യകമായി വെബ് സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https//village. kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തിരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതുവിവരങ്ങൾ പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**12. കേരള ബിൽഡിംഗ് ടാക്സ് മനേജ്മെന്റ് സിസ്റ്റം** - കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

**13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ** : കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യോ സഹായം

ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. വെബ് പോർട്ടലിന്റെ വികസനം അന്തിമഘട്ടത്തിലാണ്.

- പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രകാരം 219 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും 92 വില്ലേജ് ആഫീസുകളുടെ നിർമ്മാണം പൂർത്തീയാക്കിയിട്ടുള്ളതുമാണ്.
- 126 വിവിധ റവന്യൂ ഓഫീസുകൾ നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി.
- സർവ്വേ വകുപ്പിൽ സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ പ്രവർത്തനങ്ങളാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ടി കാലയളവിൽ 33 വില്ലേജുകൾ പൂർണ്ണമായും 20 വില്ലേജുകൾ ഭാഗികമായും റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.
- 2016-2017 മുതൽ 2020-21 വർഷം വരെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കിയ പ്രധാന പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

1) ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം - ദേശീയ തലത്തിൽ തന്നെ മാതൃകയായ പദ്ധതിയാണ് ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം. 2016 മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ മേഖലയിൽ മുന്നേറ്റം നടത്തി. ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഈ പദ്ധതിയെ അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് എല്ലാ സംസ്ഥാനങ്ങളെയും അറിയിക്കുകയും ചെയ്തു. കേരളത്തിലെ ഏകദേശം 3000 ഭിന്നശേഷിക്കാരെ ഈ പദ്ധതിയുടെ കീഴിൽ ദുരന്ത നിവാരണത്തിലും പ്രഥമശുശ്രൂഷയിലും പരിശീലിപ്പിക്കുവാൻ കഴിഞ്ഞു.

2) ദുരന്തലഘൂകരണത്തിനായുള്ള വെർച്വൽ കേഡർ 26 വകുപ്പുകളിൽ സ്ഥാപിച്ചു. വെർച്വൽ കേഡർ എന്നത് ഓരോ വകുപ്പിലും ദുരന്തനിവാരണത്തിൽ വിദഗ്ധ പരിശീലനം ലഭ്യമായ ഉദ്യോഗസ്ഥ ശ്രേണിയെ സജ്ജമാക്കുക എന്നുള്ളതാണ്.

3) സംസ്ഥാന ദുരന്തനിവാരണഅതോറിറ്റിയുടെ ആസ്ഥാന മന്ദിരം പൂർത്തീകരിച്ചു. ഈ മന്ദിരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാന അടിയന്തിര കാര്യനിർവ്വഹണകേന്ദ്രം പ്രവർത്തിക്കുന്നു.

4) 2018 പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ ജില്ലാ ദുരന്തനിവാരണ

അതോറിറ്റികളുടെയും കീഴിൽ സന്നദ്ധസംഘടനകൾക്കായി ഇന്റർ ഏജൻസി ഗ്രൂപ്പ് സംവിധാനം നിലവിൽ വന്നു. ഇതിൽ പ്രവർത്തിക്കുന്ന 421 സന്നദ്ധ സംഘടനകൾക്ക് ദുരന്തനിവാരണത്തിൽ ആവശ്യമായ പരിശീലനം നൽകി. 2019 പ്രളയത്തിലും കോവിഡ് പ്രവർത്തനങ്ങളിലും എല്ലാ ജില്ലകളിലും ഈ സംഘടനകൾ പ്രവർത്തിച്ചു.

5) 2018 പ്രളയ സാഹചര്യത്തിൽ സർക്കാർ ഐക്യരാഷ്ട്ര സഭയുടെ സഹകരണത്തോടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സെസ്സ്മെന്റ് റിപ്പോർട്ട് തയ്യാറാക്കി. രാജ്യത്ത് തന്നെ ആദ്യമായാണ് ഇങ്ങനെ ഒരു പഠനം നടപ്പിലാക്കുന്നത്. ഈ പഠനത്തിലാണ് പുനർനിർമ്മാണത്തിനു 31000 കോടി രൂപ ആവശ്യമാണെന്നുള്ള കണക്ക് വന്നത്. അതിൻ പ്രകാരം പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) സ്ഥാപിതമായി.

## സഹകരണ സ്ഥാപനങ്ങൾ

- 2019 ൽ കേരള ബാങ്ക് രൂപീകരിച്ചു; കേരളത്തിലെ ഏറ്റവും വലിയ ബാങ്കിംഗ് ശൃംഖലകളിൽ ഒന്നാണിത്.
- സംസ്ഥാനത്ത് ആദ്യമായി 2019-20 ൽ സഹകരണ നയം രൂപീകരിച്ചു.
- പ്രളയബാധിതർക്ക് ആശ്വാസവും പുനരധിവാസവും നൽകാൻ "കെയർ കേരള" ആരംഭിച്ചു.
- സ്വകാര്യ പണമിടപാടുകാരിൽ നിന്ന് സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി 2018-ൽ "മുറ്റത്തെ മുല്ല" പദ്ധതി അവതരിപ്പിച്ചു.

## പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ

- പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ധനസഹായ നിരക്ക് വർധിപ്പിച്ചു; വിദേശത്ത് പഠിക്കാൻ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി.
- പഠനമുറി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വീടുകളിൽ പഠനമുറികൾ നിർമ്മിച്ചു: 15,762 മുറികൾ നിർമ്മിച്ചു. പട്ടിക വർഗ്ഗ ഊരുകളിൽ സാമൂഹിക പഠനമുറികളും സാമൂഹിക പഠന കേന്ദ്രങ്ങളും നിർമ്മിച്ചു.
- നൈപുണ്യ വികസനവും പരിശീലന പരിപാടികളും ഏറ്റെടുത്തു.
- 2017-18 ൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം ആരംഭിച്ചു.
- കാർഷിക വരുമാന പദ്ധതി ആദിവാസി മേഖലകളിൽ ആരംഭിച്ചു.
- 2017-18 ൽ ഇൻഷുറൻസ് ബന്ധിത സോഷ്യൽ സെക്യൂരിറ്റി സ്കീം ആരംഭിച്ചു.

• പട്ടികജാതിവിഭാഗത്തിൽ നിന്നുള്ള പെൺകുട്ടികൾക്ക് "വാത്സല്യനിധി പദ്ധതി" ആരംഭിച്ചു; 4,724 പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ഇൻഷുറൻസ് പരിരക്ഷ നൽകി.

• പട്ടികവർഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി "ഗോത്ര വത്സല്യാനിധി"; 2,088 പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ഇൻഷുറൻസ് പരിരക്ഷ നൽകി.

## പതിമൂന്നാം പദ്ധതിയിലെ പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും

| വർഷം | പട്ടികജാതി ഉപപദ്ധതി (എസ്.സി.പി.) തുക കോടി രൂപയിൽ | എസ്.സി.പി. സംസ്ഥാന പദ്ധതിയുടെ ശതമാനം എന്ന നിലയിൽ | പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി.) തുക കോടി രൂപയിൽ | ടി എസ്.പി. സംസ്ഥാന പദ്ധതിയുടെ ശതമാനം എന്ന നിലയിൽ |
|---|---|---|---|---|
| 2017-18 | 2,599.65 | 9.81 | 751.08 | 2.83 |
| 2018-19 | 2,859.62 | 9.81 | 826.19 | 2.83 |
| 2019-20 | 3,002.84 | 9.81 | 866.26 | 2.83 |
| 2020-21 | 2,708.54 | 9.81 | 781.36 | 2.83 |
| 2021-22 | 2,708.54 | 9.81 | 781.36 | 2.83 |

## പ്രാദേശിക സർക്കാരുകൾ

• 2016 ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു.

• ആസൂത്രണ പ്രക്രിയ ലഘൂകരിക്കുകയും സമയബന്ധിതമാക്കുകയും ചെയ്തു; അതുവഴി പ്രാദേശിക പദ്ധതികളുടെ ചെലവ് ശതമാനം വർദ്ധിച്ചു.

• സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ ആവിഷ്കരിച്ചു.

• പ്രതിസന്ധിഘട്ടങ്ങളിൽ പ്രാദേശിക സർക്കാരുകൾ നിർണായക പങ്ക് വഹിച്ചു.

## സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് വിതരണം ചെയ്ത തുക

| വർഷം | തുക (കോടി രൂപയിൽ) | സംസ്ഥാന പദ്ധതിയിൽ നിന്നും പ്രാദേശിക സർക്കാരുകൾ |
|---|---|---|

| | | ...ക്കുള്ള വിഹിതം (ശതമാനത്തിൽ) |
|---|---|---|
| 2017-18 | 6,227.50 | 23.5 |
| 2018-19 | 7,000 | 24 |
| 2019-20 | 7,500 | 24.5 |
| 2020-21 | 6,903 | 25 |
| 2021-22 | 7,180 | 26 |

## കോവിഡ്-19 മഹാമാരിയോടുള്ള കേരളത്തിന്റെ പ്രതികരണം

- പകർച്ചവ്യാധിയോടുള്ള കേരളത്തിന്റെ പ്രതികരണത്തിന് ലോകമെമ്പാടുമുള്ള അംഗീകാരം ലഭിച്ചു.
- സംസ്ഥാന പ്രതികരണത്തിന്റെ മുഖമുദ്രകളിൽ സാർവത്രിക ഭക്ഷ്യ സുരക്ഷ, അതിഥി തൊഴിലാളികൾക്ക് ഭക്ഷണവും താമസസൗകര്യവും, കുറഞ്ഞ ചിലവിലുള്ള ചികിത്സ അല്ലെങ്കിൽ സൗജന്യ വൈദ്യസഹായം, വിവര ലഭ്യത എന്നിവ ഉൾപ്പെടുന്നു.
- ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾക്കു പുറമേ അഞ്ച് തലത്തിലുള്ള ഘടന സൃഷ്ടിച്ചു - ഹോം ക്വാറന്റൈൻ, ഡോമിസിലിയറി പരിചരണ കേന്ദ്രങ്ങൾ, കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സ കേന്ദ്രങ്ങൾ, കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങൾ, നിയുക്ത കോവിഡ് ആശുപത്രികൾ.
- 20,000 കോടിയുടെ ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം; സമ്പദ്‌വ്യവസ്ഥ, പ്രത്യേകിച്ച് കൃഷിയും വ്യവസായവും പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു.
- മേഖലാടിസ്ഥാന ദുരിതാശ്വാസ നടപടികൾ ആരംഭിച്ചു.

## സംസ്ഥാന ആസൂത്രണ ബോർഡ്

### • റിപ്പോർട്ടുകൾ

- കേരള വികസന റിപ്പോർട്ട്: ഉദ്യമങ്ങൾ, നേട്ടങ്ങൾ, വെല്ലുവിളികൾ
- പ്രളയാനന്തര കുട്ടനാടിന് ഒരു പ്രത്യേക പാക്കേജ്
- കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ സാങ്കേതിക സമിതി റിപ്പോർട്ട്
- കേരളത്തിലെ ആരോഗ്യ പരിപാലന വ്യവസായത്തിലെ ഉദ്യമങ്ങളെക്കുറിച്ചുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട്

- ആവർത്തിച്ചുള്ള അതിശക്തമായ മഴ, തുടർന്നുള്ള വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ കാരണങ്ങൾ പരിശോധിക്കുന്നതിനും നയങ്ങളിൽ വരുത്തേണ്ട ഉചിതമായ മാറ്റങ്ങൾ ശുപാർശ ചെയ്യുന്നതിനുമുള്ള കമ്മിറ്റിയുടെ റിപ്പോർട്ട്
- കോവിഡ്-19 മഹാമാരിയും തുടർന്നുള്ള അടച്ചിടലും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ ആഘാതത്തിന്റെ ദ്രുത വിലയിരുത്തൽ
- കോവിഡ്-19 മഹാമാരിയും 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള അടച്ചിടലും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതത്തിന്റെ വിലയിരുത്തൽ
- നോട്ടുറദ്ദാക്കൽ കേരള സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ ആഘാതം പഠിക്കാനുള്ള കമ്മിറ്റിയുടെ റിപ്പോർട്ട്

## • **കോൺഫറൻസുകൾ, ശില്പശാലകൾ**

- ഭാവി വീക്ഷണത്തോടെ കേരളം: അന്താരാഷ്ട്ര സമ്മേളനവും കൂടിയാലോചനയും
- അന്താരാഷ്ട്ര നാളികേര കോൺഫറൻസും പ്രദർശനവും
- ജീവനോപാധി വികസന പാക്കേജ് കോൺഫറൻസ്
- സംസ്ഥാനതല സ്ഥിതിവിവരക്കണക്ക് ശില്പശാല
- കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന തലത്തിലുള്ള സാമ്പത്തിക നഷ്ടം അളക്കുന്നതിനുള്ള രീതികളെക്കുറിച്ചുള്ള ദേശീയ കൂടിയാലോചന.
- സമയാസമയങ്ങളിൽ നൽകുന്ന നയ രൂപീകരണത്തിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ.